പണി ആരംഭിക്കാത്ത പദ്ധതികൾ

1. ഗോട്ട് ഡെവലപ്മെന്റ് ബോർഡ് സ്ഥാപിക്കുന്നത് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു
2. കൊമേരി ആടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം
3. മോഡേൺ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് കടപ്പനക്കുന്ന്
4. ബ്രോയിലർ ബ്രീഡിംഗ് ഫാം, കാസർഗോഡ്
5. സ്ത്രീ ശാക്തീകരണ പദ്ധതി
6. ചാലക്കുടിയിലെ ആധുനിക അറവ് ശാല
7. മുണ്ടയാട് ആധുനിക കോഴിസംസ്കരണ പദ്ധതി

വെറ്ററിനറി സർവ്വകലാശാലയിലെ കോഴ്സിന് എൻ.ആർ.ഐ. ക്വാട്ട

316 (1759) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള വെറ്ററിനറി സർവ്വകലാശാലയിൽ ഏതെങ്കിലും കോഴ്സിന് എൻ.ആർ.ഐ. സീറ്റിൽ പ്രവേശനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകളിൽ എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നടത്തിയിട്ടുണ്ടായിരുന്നു; വിശദമാക്കാമോ;

(ബി) എൻ.ആർ.ഐ. സീറ്റ് ഏർപ്പെടുത്തുകയില്ലെന്ന നിലപാട് വെറ്ററിനറി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; ഗവൺമെന്റിൽനിന്നും സർവ്വകലാശാലയ്ക്ക് ഇത് സംബന്ധമായി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ;

(സി) പ്രസ്തുത പ്രശ്നത്തിൽ ബഹു. മുഖ്യമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായി സർവ്വകലാശാല തീരുമാനവുമായി മുന്നോട്ട് പോയിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) ഉണ്ട്. ഡബ്ല്യു.പി. (സി) നമ്പർ 19041/2014 കേസിലെ 17-10-2014 തീയതിയിലെ ഇടക്കാല വിധി പ്രകാരം ബി.വി.സി ആന്റ് എ.എച്ച്. കോഴ്സിന് 5 സീറ്റിൽ അഡ്മിഷൻ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വകലാശാല എൻ.ആർ.ഐ. കമ്മാട്ട ഏർപ്പെടുത്തിയിരുന്നു. എന്നാൽ 30-8-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 185/2014/എ.ഡി പ്രകാരം എൻ.ആർ.ഐ. കമ്മാട്ട ഏർപ്പെടുത്തിയ യൂണിവേഴ്സിറ്റി തീരുമാനം റദ്ദാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-10-2014 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം എൻ.ആർ.ഐ. അഡ്മിഷൻ നടത്തുകയുണ്ടായി എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

317 (1760) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള പ്രസ്സുകൾ ആധുനികവൽക്കരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആധുനികവൽക്കരണ നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി സി.റ്റി.പി. വെബ് ഓഫ് സെറ്റ് മെഷീൻ എന്നിവ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, വാഴൂർ ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പഴയ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീനുകൾ മാറ്റി ബൈ-ബാക്ക് രീതിയിൽ പുതിയ ഷീറ്റ്ഫെഡ് മെഷീനുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് പ്രസ്സുകളേയും കാലഹരണപ്പെട്ട ലെറ്റർ പ്രസ്സിൽ നിന്നും ഓഫ്സെറ്റ് അച്ചടി സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. പുതിയ ഡിജിറ്റൽ കളർ പ്രിന്റർ തിരുവനന്തപുരം, ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനുള്ള Work Flow Automation സംവിധാനം സ്ഥാപിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly